## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5359

05.07.2012 ൽ
മറുപടിക്ക്

### ചേർത്തല ഓട്ടോകാസ്റ്റ് ലിമിറ്റഡിലെ താല്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. തിലോത്തമൻ : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ചേർത്തല ആട്ടോകാസ്റ്റിൽ കഴിഞ്ഞ 10 വർഷമായി ജോലി ചെയ്തുവരുന്ന താല്ക്കാലിക സ്കിൽഡ് വർക്കേഴ്സിനെ സ്ഥിരപ്പെടുത്തണമെന്നും ഇവർക്ക് പി. എഫ്. അനുവദിക്കണമെന്നും നാഷണൽ ഫെസ്റ്റിവൽ ഹോളിഡേയ്സ് ആക്ട് പ്രകാരമുളള ലീവും ലീവ് ആനുകൂല്യങ്ങളും നൽകണമെന്നും മിനിമം വേജസ്, ഹോളിഡേ വേജസ് എന്നിവ നൽകണമെന്നും ആവശ്യപ്പെട്ട് നൽകിയിട്ടുളള നിവേദനങ്ങളും പരാതികളും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |
| (ബി) ഇവരുടെ പരാതിയെത്തുടർന്ന് പി.എഫ്. എൻഫോഴ്സ്മെന്റ് വിഭാഗം ചേർത്തല ആട്ടോകാസ്റ്റിൽ പരിശോധന നടത്തി പി. എഫ്. ചട്ടങ്ങൾക്ക് വിരുദ്ധമായ മാനേജ്മെന്റിന്റെ നടപടികൾക്കുള്ള ശിക്ഷയായി 48 ലക്ഷം രൂപ പിഴയടയ്ക്കുവാൻ മാനേജ്മെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; | (ബി) പി.എഫ്. എൻഫോഴ്സ്മെന്റ് വിഭാഗം 48 ലക്ഷം രൂപ പിഴ അടക്കുവാൻ ആവശ്യപ്പെട്ടിട്ടില്ല. |
| (സി) ഈ വിഭാഗം തൊഴിലാളികളെ അടിയന്തിരമായി സ്ഥിരപ്പെടുത്തി ഇവരുടെ ആനുകൂല്യങ്ങൾ അനുവദിക്കുമോ എന്ന് വ്യക്തമാക്കുമോ? | (സി) ഈ വിഭാഗം തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. താല്ക്കാലിക ജീവനക്കാർക്ക് അർഹമായ ആനുകൂല്യങ്ങൾ ഇപ്പോൾ നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ